# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 5520

18.11.2019 ലെ മറുപടിയ്ക്ക്

### കേരളത്തെ ട്രാഫിക് സാക്ഷരതാ സംസ്ഥാനമായി മാറ്റിയെടുക്കുന്നതിന് നടപടി

| ചോദ്യം<br>ശ്രീ.വി.ജോയി | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | കേരള പോലീസ് കൊച്ചിയിൽ ആരംഭിച്ച സി.സി വിജിൽ, തിരുവനന്തപുരത്ത് ആരംഭിച്ച റ്റി.സി.വിജിൽ എന്നീ പദ്ധതികൾ വിജയകരമായിരുന്നോ എന്ന് വ്യക്തമാക്കാമോ; | (എ) | കൊച്ചിയിൽ സി.സി വിജിൽ എന്ന പദ്ധതി കേരള പോലീസ് നടപ്പിലാക്കിയിട്ടില്ലാത്തതാണ്. എന്നാൽ തിരുവനന്തപുരം സിറ്റിയിലെ റ്റി.സി.വിജിൽ, കോഴിക്കോട് സിറ്റിയിലെ സി.സി വിജിൽ എന്നീ പദ്ധതികൾ വിജയകരമായി നടന്നു വരുന്നു. പദ്ധതി വഴി പൊതുജനങ്ങൾക്ക് അവരുടെ ശ്രദ്ധയിൽപ്പെടുന്ന ട്രാഫിക് സംബന്ധമായ കുറ്റകൃത്യങ്ങൾ അവരുടെ മൊബൈൽ ഫോണിൽ പകർത്തി കോഴിക്കോട് സിറ്റിയിലെ വാട്സാപ്പ് നമ്പരായ 6238488686 ലേക്കും, തിരുവനന്തപുരം സിറ്റിയിലെ വാട്സാപ്പ് നമ്പരായ 9497975000 ലേക്കും അയക്കുന്നതിനും അതുവഴി നിയമലംഘനം നടത്തുന്നവർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും സാധിക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതി കേരളം മുഴുവൻ നടപ്പിലാക്കുന്നതിനായി നടപടി സ്വീകരിക്കുമോ; | (ബി) | പരിശോധിക്കാവുന്നതാണ്. |
| (സി) | കേരളത്തെ ട്രാഫിക് സാക്ഷരതാ സംസ്ഥാനമായി മാറ്റിയെടുക്കുന്നതിനും ട്രാഫിക് കുറ്റങ്ങൾ ഒഴിവാക്കുന്നതിനും ജനകീയ പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിനുമായി പോലീസ് വകുപ്പിൽ പ്രത്യേക വിഭാഗം രൂപീകരിക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ